## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6168 07/11/2016-ൽ മറുപടിയ്ക്ക്
### ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

| ചോദ്യം<br>ശ്രീ.എം.എം. മണി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടപടികൾ കുറ്റമറ്റതാക്കുന്നതിന് പുതിയതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിത - ഭവന രഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവ്വേ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്ക് അനുമതി നൽകി 21/10/2016 ലെ സർക്കാർ ഉത്തരവ് (ആർ ടി) നം.2924/2016/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. സർവ്വേ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫാറം ഉപയോഗിക്കുന്നതിന്.<br>2. സർവ്വേ നടത്തുന്നതിന് കുടുംബശ്രീ/ അംഗൻവാടി വർക്കർ എന്നിവർക്ക് വീടൊന്നിന് 20 രൂപയും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 5/- രൂപ പ്രതിഫലവും പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നും നൽകുന്നതിന്.<br>3. ക്രമനമ്പരിട്ട ഫാറങ്ങൾ അച്ചടിക്കുന്നതിന് വേണ്ടി വരുന്ന തുക തനത് ഫണ്ട്/ പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന്.<br>4. പ്രാദേശികമായി സർവ്വേ സംബന്ധിച്ച് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്ലാൻ ഫണ്ട്/ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നത്.<br>5. സർവ്വേയ്ക്ക് വേണ്ടിയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്ന തിന് |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഇൻഫർമേഷൻ കേരള മിഷന് ചുമതല നൽകിയിട്ടുണ്ടോ; | (ബി) | സർവ്വേയ്ക്ക് വേണ്ടിയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | ഈ പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് ഏതൊക്കെ പഞ്ചായത്തുകളിലാണ് സർവേ നടപടി ആരംഭിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, പൂവ്വാർ, കരകുളം എന്നീ പഞ്ചായത്തുകളിലാണ് പൈലറ്റ് സർവ്വേ നടപടികൾ ആരംഭിക്കുന്നത്. ആയതിന് 21/10/2016 ലെ സർക്കാർ ഉത്തരവ് (ആർ ടി) നം.2924/2016/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**